ഉത്തരം

(എ)

വർഷം	കള്ളുഷാപ്പുകളുടെ എണ്ണം
1995-1996	5903
1999-2000	5981
2000-2001	5984

(ബി) 1995-'96-ൽ പ്രതിദിനം 477070 ലിറ്റർ കള്ള് ഉല്പാദിപ്പിച്ചിരുന്നു. ഈ കള്ള് എത്രരൂപയ്ക്ക് വിറ്റിരുന്നു എന്നതിനു കണക്ക് ലഭ്യമല്ല. 1995-96-ലെ കള്ളു ഷാപ്പുകളുടെ ലേലത്തുക 22,51,18,212 രൂപയാണ്.

(സി) 1999-2000-ലും 2000-2001-ലും പ്രതിദിനം 826068, 831988 ലിറ്റർ കള്ള് വീതം യഥാക്രമം ഉല്പാദിപ്പിച്ചിരുന്നു. 1999-2000-ലെ ലേലത്തുക 124,25,28,394 രൂപയും 2000-2001-ലെ ലേലത്തുക 146,44,07,079 രൂപയുമാണ്. ഈ കള്ള് എത്ര രൂപയ്ക്കാണ് വിറ്റതെന്ന് കണക്ക് ലഭ്യമല്ല.

2000-2001-ലെ എക്സൈസ് വരുമാനം

31 (1309) ശ്രീമതി രാധാരാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എക്സൈസ് വകുപ്പിന്റെ 2000-2001-ലെ സാമ്പത്തിക വർഷത്തിൽ ജനുവരി 31 വരെയുള്ള വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) എക്സൈസ് വകുപ്പിൽ എത്ര ഉദ്യോഗസ്ഥർ ഉണ്ടെന്ന് അറിയിക്കുമോ ;

(സി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ ശമ്പളയിനത്തിൽ എന്തു തുക ചെലവഴിച്ചു ?

ഉത്തരം

(എ) 529,74,48,440 രൂപ

(ബി) എക്സൈസ് വകുപ്പിൽ ആകെ 4612 ഉദ്യോഗസ്ഥർ ഉണ്ട്.

(സി) 31-1-2001 വരെ ശമ്പള ഇനത്തിൽ 26,63,53,733 രൂപയും വേജസ് ഇനത്തിൽ 53,06,731 രൂപയും ചെലവഴിച്ചു.

എഫ്-എൽ-4 ലൈസൻസ് മറിച്ച് നൽകിയതായുള്ള പരാതി

32 (1310) ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly